പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 44

08.02.2016 ലെ മറുപടിയ്ക്ക്

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ . എസ്. ശർമ്മ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) 2015 ജനുവരി മാസത്തിനുശേഷം വൈപ്പിൻ മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച ആകെ 439 അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളതായി 17.12.15ൽ നൽകിയ നിയമസഭാ മറുപടിയിൽ വ്യക്തമാക്കിയിരുന്നു ഈ .311 അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) 65 എണ്ണം |
| (ബി) അപേക്ഷ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ; | (ബി) പ്രതിദിനം നൂറുകണക്കിന് അപേക്ഷകൾ ലഭിക്കുന്നതുകൊണ്ടും ഈ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതു കൊണ്ടും അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈൻ ആകുന്ന മുറയ്ക്ക് കാലതാമസം ഒഴിവാകുന്നതാണ്. കൂടാതെ 2016- ഫെബ്രുവരി 1 മുതൽ 10 വരെ ഫയൽ അദാലത്ത് നടത്തി കഴിയുന്നത്ര അപേക്ഷകൾ തീർപ്പാക്കാനുള്ള ശ്രമം നടത്തി വരുന്നു. ഫെബ്രുവരി മാസം 26-ാം തീയതി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ മെല്ലെപ്പോക്കുമൂലം സർക്കാർ, സർക്കാരിതര ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തോടെ ഭവനനിർമ്മാണത്തിനായി അപേക്ഷിക്കുന്ന നിർധന വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കാലതാമസം മൂലം അർഹതപ്പെട്ടവർക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിനായി ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) അപേക്ഷകളിന്മേലുള്ള പുരോഗതി സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും ഫോൺ മുഖാന്തിരം വിവരങ്ങൾ അറിയുന്നതിന് ജനപ്രതിനിധികൾ പോലും ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) ഇത്തരത്തിലുള്ള പരാതി ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ